*➪ പുകമഞ്ഞ് സ്തംഭനത്തിൽ ജനം ശരിക്കും വലഞ്ഞു ➪*

**സമ്പന്നരാഷ്ട്രങ്ങളെ** മുഴുവൻ അമ്പരപ്പിച്ചുകൊണ്ട്, ലോകത്തിലെ ഒന്നാം നമ്പർ സാമ്പത്തികശക്തിയാകാൻ കുതിച്ചുകൊണ്ടിരിക്കുന്ന ചൈന കൽക്കരിയുടെയും മറ്റു ഫോസിൽ ഇന്ധനങ്ങളുടെയും ഉപഭോഗം കുത്തനെ വെട്ടികുറയ്ക്കുവാൻ തീരുമാനിച്ചുവെന്നതാണ് അവിടെനിന്നുള്ള ഏറ്റവും പുതിയ വാർത്ത. മാലിന്യകാരികളായ വ്യവസായശാലകളും മറ്റും അടച്ചുപൂട്ടുവാനും അവർ ഒരുങ്ങുകയാണ്. രാജ്യത്തെ ഏറ്റവും കൂടുതലും കുറവും മലിനീകരണമുള്ള 10 വീതം നഗരങ്ങളുടെ പട്ടിക മാസംതോറും പ്രസിദ്ധീകരിക്കുവാനും പരിപാടിയുണ്ടത്രെ. ഇതു സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ചൈനയുടെ ഔദ്യോഗിക വെബ്സൈറ്റിൽ കൊടുത്തിട്ടുണ്ട്. കാസർകോട് ദുരന്തം വാരിവിതറിയ എൻഡോസൾഫാനെതിരെയുള്ള ആഗോള മുന്നേറ്റങ്ങളിൽ പങ്കുചേരാനും ചൈന ഈയിടെ മുന്നോട്ടു വന്നിട്ടുണ്ട്.

# മുതലാളിത്തം മടുക്കുന്ന ചൈന

കഴിഞ്ഞ വർഷം വ്യവസായങ്ങൾ ഏറെയുള്ള ചൈനയുടെ വടക്കൻ ഭാഗങ്ങളിലെ നഗരങ്ങളെയും ബെയ്ജിങ്ങിനെയും മുമ്പെങ്ങും കേട്ടുകേൾവിപോലുമില്ലാത്തത്ര കനത്ത പുകമഞ്ഞ് ഗ്രസിച്ചിരുന്നു. പുകമഞ്ഞുകാരണം 200 മീറ്ററിനു അപ്പുറം ഒന്നും കാണാനാവാത്ത ഒരു അവസ്ഥതന്നെയുണ്ടായി. ഈ പുകമഞ്ഞ് ചൈനയുടെ വികസന ചിന്തകളെ മാറ്റി മറിച്ചിരിക്കുന്നു.

**■ ടി.ഐ. ലാലു**

ചൈനയിലെ നഗരങ്ങൾക്ക് പേടിസ്വപ്നമായി തീർന്നിട്ടുള്ള മലിനീകരണത്തെ, പ്രത്യേകിച്ച് വായുമലിനീകരണത്തെ കടിഞ്ഞാണിടുവാൻ വിവിധകോണുകളിൽ നിന്ന് കുറച്ചുകാലമായി കടുത്ത സമ്മർദ്ദമുണ്ട്. കഴിഞ്ഞ ജനുവരിയിൽ, വ്യവസായങ്ങൾ ഏറെയുള്ള ചൈനയുടെ വടക്കൻ ഭാഗങ്ങളിലെ നഗരങ്ങളെയും ബെയ്ജിങ്ങിനെയും മുമ്പെങ്ങും കേട്ടുകേൾവിപോലുമില്ലാത്തത്ര കനത്ത പുകമഞ്ഞ് ഗ്രസിച്ചിരുന്നു. പുകമഞ്ഞുകാരണം 200 മീറ്ററിനു അപ്പുറം ഒന്നും കാണാനാവാത്ത ഒരു അവസ്ഥതന്നെയുണ്ടായി. പല റോഡുകളും ഹൈവേകളും അടച്ചിട്ടു. വിമാനങ്ങൾ പലതും റദ്ദാക്കി. ആളുകൾക്ക് വീടിനു പുറത്ത് ഇറങ്ങാനാവാത്ത സ്ഥിതി വന്നു ചേർന്നു. പുകമഞ്ഞ് സ്തംഭനത്തിൽ ജനം ശരിക്കും വലഞ്ഞു. വായുവിലെ മലിനീകരണ പദാർഥത്തിന്റെ ഏറ്റവും ചെറിയ അളവെന്നു പറയുന്നത് PM 2.5 (Particulate Mater 2.5) ആണ്. (ഇതിന് തലമുടിയുടെ നൂറിലൊരു ഭാഗം വലിപ്പം കാണും). ലോകാരോഗ്യസംഘടനയുടെ കണക്കുപ്രകാരം ഒരു ക്യൂബിക് മീറ്ററിൽ PM 2.5 ന്റെ സാന്ദ്രത 25 മൈക്രോഗ്രാമിനേക്കാൾ ഉയരുന്നത് ആരോഗ്യത്തിന് ഹാനികരമാണ്. ഔദ്യോഗിക കണക്കുപ്രകാരം തന്നെ ജനുവരിയിലെ വായുമലിനീകരണത്തിന്റെ ഈ അളവ് 400ന് മീതെയായിരുന്നു. ബെയ്ജിങ്ങിലെ യു.എസ് എംബസിയുടെ കണക്ക് 800ന് മുകളിലായിരു



ന്നു. യു.എസ്. എംബസിയുടെ ടിറ്ററിൽ ഈ നശിച്ച പുകമഞ്ഞിനെ വിശേഷിപ്പിച്ചത് crazy bad എന്നാണ്. നയതന്ത്രശബ്ദതാരാവലി പ്രകാരം ഈ പ്രയോഗം അൺപാർലമെന്ററിയാണെന്ന് ആക്ഷേപം ഉയർന്നതിനെത്തുടർന്ന് പിന്നീട് പിൻവലിച്ചു.

ചൈനീസ് നഗരങ്ങളിലെ മലിനീകരണവുമായി ബന്ധപ്പെട്ട പരാതികൾ ഉയരുമ്പോഴെല്ലാം വികസനത്തിനുവേണ്ടിയുള്ള മുണ്ടുമുറുക്കി ഉടുക്കലാണെന്ന് പറഞ്ഞ് ന്യായീകരിക്കുന്ന പതിവാണ് ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കും ഔദ്യോഗിക മാധ്യമങ്ങൾക്കും ഉണ്ടായിരുന്നത്. പക്ഷെ പുകമഞ്ഞ് വീർപ്പുമുട്ടിച്ചപ്പോൾ അവർക്കെല്ലാം ചുവടുമാറ്റേണ്ടി വന്നു. കുട്ടികളോടും പ്രായമായവരോടും വീടിനു പുറത്ത് ഇറങ്ങരുതെന്ന് ഔദ്യോഗിക മാധ്യമങ്ങൾ ആവർത്തിച്ച് ആവശ്യപ്പെടുകയുണ്ടായി. കാറുകളുടെ ഉപയോഗം പരമാവധി ചുരുക്കണമെന്നും അറിയിപ്പുണ്ടായി. ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ 'ദേശാഭിമാനി'യായ പീപ്പിൾ ഡെയ്‌ലിക്ക് ജനുവരി 14ന് മുൻ പേജിൽ തന്നെ മലിനീകരണത്തെക്കുറിച്ച് മുഖപ്രസംഗം പ്രസിദ്ധീകരിക്കേണ്ടി വന്നു. ഗ്രാമങ്ങൾ നഗരങ്ങളെ വളയണമെന്നാണ് മാവോസൂക്തം. വിപണി സോഷ്യലിസത്തിന്റെ സൂപ്പർ ഹൈവേയിലൂടെ ഇരമ്പിപായുന്ന ചൈനീസ് നഗരങ്ങളെ ഗ്രാമങ്ങളല്ല, മറിച്ച് വായു-ജല-മണ്ണ് മലിനീകരണമാണ് വളയുകയും വിഴുങ്ങുകയും ചെയ്യുന്നത്.

എന്തുവിലകൊടുത്തും സാമ്പത്തിക വളർച്ച നേടുന്നതിനും വ്യവസായവത്ക്കരണത്തിനുമുള്ള ഊർജിത ശ്രമങ്ങളാണ് ഭയങ്കരമായ മലിനീകരണം സൃഷ്ടിക്കുന്നത്. ഊർജാവശ്യം അനുദിനം കൂടിവരുന്നു. ഇവിടെ നാലിൽ മൂന്നുഭാഗം ഊർജോല്പാദനവും കൽക്കരിയെ ആശ്രയിച്ചാണ് നടക്കുന്നത്. ഇത് വൻതോതിലിലുള്ള വായു മലിനീകരണത്തിന് കാരണമാവുന്നുണ്ട്. ഇന്ന് നഗരങ്ങളിൽ സ്വകാര്യ കാറുകളുടെ പ്രളയമാണ്. ഒരു കാറ് സ്വന്തമാക്കുക എന്നതാണ് ചൈനീസ് യുവത്വത്തിന്റെ ആദ്യമോഹമെന്ന് ചില സർവേകൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. മുമ്പൊക്കെ ചൈനയുടെ തലസ്ഥാനമായ ബെയ്ജിങ്ങിന്റെ ദേശീയവാഹനം സൈക്കിളായിരുന്നു. ദശലക്ഷക്കണക്കിന് സൈക്കിളുകളാണ് നഗരത്തിന്റെ നിരത്തുകളിൽ തലങ്ങും വിലങ്ങും ഓടിയിരുന്നത്. നഗരാസൂത്രണത്തിന്റെ അപര്യാപ്തതയും വികസനപ്രവർത്തനങ്ങളുടെ ഭാഗമായി വൻതോതിൽ മരങ്ങൾ മുറിച്ചു മാറ്റിയതും മലിനീകരണത്തിന് ആക്കം കൂട്ടി.

ഇന്ന് നഗരങ്ങളിൽ സ്വകാര്യ കാറുകളുടെ പ്രളയമാണ്. ഒരു കാറ് സ്വന്തമാക്കുക എന്നതാണ് ചൈനീസ് യുവത്വത്തിന്റെ ആദ്യമോഹമെന്ന് ചില സർവേകൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. മുമ്പൊക്കെ ചൈനയുടെ തലസ്ഥാനമായ ബെയ്ജിങ്ങിന്റെ ദേശീയ വാഹനം സൈക്കിളായിരുന്നു. ദശലക്ഷക്കണക്കിന് സൈക്കിളുകളാണ് നഗരത്തിന്റെ നിരത്തുകളിൽ തലങ്ങും വിലങ്ങും ഓടിയിരുന്നത്.

മലിനീകരണത്തിനെതിരെ ചില നടപടികളെടുക്കാൻ തുനിയുന്നുവെന്നതുകൊണ്ട് ചൈനീസ് നേതൃത്വത്തിന് ഒരു വീണ്ടുവിചാരപ്പെടലും മാനസാന്തരവും ഉണ്ടായിരിക്കുന്നുവെന്ന് ആരും തെറ്റിദ്ധരിക്കണ്ട. ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം വെട്ടിക്കുറച്ച്, പകരം പ്രകൃതിവാതകവും ആണവോർജവും കൂടുതലായി ഉപയോഗപ്പെടുത്താനാണ് ചൈന ഉന്നം വെച്ചിരിക്കുന്നത്. ലോകത്ത് ഇന്ന് ഉല്പാദിപ്പിക്കുന്ന ആണവോർജ്ജത്തിന്റെ രണ്ടു ശതമാനമാണ് ചൈനയുടെ പങ്ക്. അത് ഉയർത്താനാണ് പരിപാടി. മുതലാളിത്തത്തിന്റെയും വ്യവസായവത്ക്കരണത്തിന്റെയും പാതയിൽ മുമ്പേ പറന്ന, ഏഷ്യൻ ഫിനിക്സ് പക്ഷിയെന്നൊക്കെ വിശേഷിപ്പിച്ചിരുന്ന ജപ്പാൻ എല്ലാ ആണവനിലയങ്ങളും അടച്ചുപൂട്ടുവാൻ തീരുമാനിച്ചിരിക്കുന്ന സമയമാണിതെന്ന് ഓർക്കണം.

ചൈനയിൽ കുറച്ചു വർഷങ്ങളായി നടപ്പാക്കിവരുന്ന കോർപ്പറേറ്റ് സോഷ്യലിസം കാരണം രാജ്യത്തെ സാധാരണക്കാർ, തൊ

ഴിലാളികൾ, കൃഷിക്കാർ എന്നിവരുടെയൊക്കെ ജീവിതം ദുസ്സഹമായിരിക്കുകയാണ്. സാമ്പത്തിക വളർച്ചയുടെ അസമത്വം, ചൂഷണം, അഴിമതി എന്നിവയുടെ സൂചികയും മേല്പോട്ട് കുതിച്ചുയരുകയാണ്. (ചില വേലവെയ്പുകളുടെ പേരിൽ പിടിക്കപ്പെട്ട ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി പോളിറ്റ് ബ്യൂറോ മെമ്പറെ ഈയിടെ വിചാരണ ചെയ്തപ്പോൾ അഴിമതിയുടെയും ചൂഷണത്തിന്റെയും കഥകൾ കുറെ പുറത്തു വരികയുണ്ടായല്ലോ). മാന്യമായ തൊഴിൽ എന്നത് ഭൂരിഭാഗത്തിനും നിഷേധിക്കപ്പെട്ടിരിക്കുന്നു. തൊഴിലാളികൾക്ക് ന്യായമായ കൂലി പോയിട്ട് അവരുടെ ജീവനുതന്നെ വേണ്ടത്ര സുരക്ഷ ലഭിക്കുന്നില്ല. 2012ൽ മാത്രം 79,552 തൊഴിലാളികൾ തൊഴിലിടങ്ങളിലെ അപകടങ്ങളിൽ കൊല്ലപ്പെടുകയുണ്ടായി. അപകടം പതിയിരിക്കുന്ന, മോശം തൊഴിൽ സാഹചര്യം നിലനിർത്തുന്ന ഒട്ടേറെ ഫാക്ടറികൾ ചൈനയിൽ ഉടനീളമുണ്ട്. ഈ കൊലയാളി ഫാക്ടറികളെ 'കറുത്ത ഫാക്ടറികൾ' എന്നാണ് തൊഴിലാളികൾ വിളിച്ചുവരുന്നത്. ഖനിയപകടങ്ങൾ ചൈനയിൽ പതിവായിരിക്കുന്നു. കൽക്കരിക്കും കൊള്ളലാഭത്തിനുമായി പാവം തൊഴിലാളിയുടെ ചോരയും നീരും ബലികൊടുക്കുന്നുവെന്നാണ് തൊഴിലിടങ്ങളിലെ സുരക്ഷയുമായി ബന്ധപ്പെട്ട വകുപ്പിന്റെ ഒരു മുൻ തലവൻ പ്രതികരിച്ചത്.

ഇന്ന് മാവോയുടെ ഗ്രാമീണ–കാർഷിക ചൈന പുത്തൻ സാമ്പത്തികവളർച്ചയുടെ പരിധിക്കു പുറത്താണ്. നമ്മുടെ ഗാന്ധിജിയെ പോലെ മാവോയും സന്തോഷവും സംതൃപ്തിയും നിറഞ്ഞ സാമൃദ്ധഗ്രാമങ്ങൾ ഒരു രാജ്യത്തിന്റെ പുണ്യമാണെന്ന് വിശ്വസിച്ചിരുന്ന കൂട്ടത്തിലാണ്. സർക്കാരിന്റെയും മറ്റും ഊന്നലും മുൻഗണയും നഗരങ്ങൾക്കും വ്യവസായങ്ങൾക്കും മാത്രമായപ്പോൾ കൃഷി പാടേ അവഗണിക്കപ്പെട്ടു. നഗരങ്ങളിൽ സാമ്പത്തിക വികസനം കൊണ്ടാടുമ്പോൾ ഗ്രാമങ്ങൾ ദാരിദ്ര്യത്തിലേക്ക് കൂപ്പുകുത്തുന്നു. ജീവനോപാധി തേടി ദശലക്ഷക്കണക്കിനു ഗ്രാമീണർ നഗരങ്ങളിലേക്ക് അനുദിനം ചേക്കേറുന്നുവെന്ന് ഇന്റർനാഷ്ണൽ മൈഗ്രേഷൻ ഓർഗനൈസേഷൻ ചൂണ്ടിക്കാട്ടുന്നു. ഇങ്ങനെ അസ്വസ്ഥതകളാൽ കലുഷിതമാണ് സാധാരണ ചൈനക്കാരന്റെ മനസ്സ്. പക്ഷേ ഇവരൊന്നും അത്ര പെട്ടെന്ന് സർക്കാരിനെതിരെ നിരത്തുകളിലേക്ക് എടുത്തുചാടുമെന്ന് സർക്കാർ മേധാവികളോ പാർട്ടി മേലാളന്മാരോ പ്രതീക്ഷിക്കുന്നില്ല. പക്ഷേ നഗരങ്ങളിലെ ഉപരിവർഗ്ഗം ഏതു സമയത്തും ഒരു 'ടിയാനമെൻ സ്ക്വയർ' മാതൃകയിലുള്ള സമരവുമായി രംഗത്തുവരുമെന്ന് ഇവർക്ക് പേടിയുണ്ട്.

സോവിയറ്റ് യൂണിയൻ ഉൾപ്പടെയുള്ള കിഴിക്കൻ യൂറോപ്പിലെ കമ്മ്യൂണിസ്റ്റ് ഭരണകൂടങ്ങളെല്ലാം ഗ്ലാസ്നോസ്സിന്റെയും പെരിസ്ത്രോയിക്കയുടെയും വാനപ്രസ്ഥത്തിൽ വീണപ്പോഴും കമ്മ്യൂണിസ്റ്റ് കോട്ടകാക്കുവാൻ ചൈനക്ക് കഴിഞ്ഞത് വിപണിസോഷ്യലിസത്തിലേക്കുള്ള ചുവടുമാറ്റം കൊണ്ടാണെന്ന് പലരും വാഴ്ത്തിയിട്ടുണ്ട്. ഇത് അതേപടി വിളിച്ചു പറയാൻ കുറച്ചു ഏറ്റുപദേശിമാർ നമ്മുടെ കേരളത്തിലുമുണ്ടായിരുന്നു. ചൈനയുടെ സാമ്പത്തിക–വ്യാവസായിക നയങ്ങൾക്ക് കയ്യടിക്കാൻ മാധ്യമങ്ങൾ അന്ന് തിക്കും തിരക്കും കൂട്ടുകയുണ്ടായി. 'ചൈന എന്നൊരു നാട് കാണാൻ കഴിഞ്ഞിരുന്നെങ്കിൽ' എന്നൊരു അവസ്ഥാ വിശേഷം ഇവരൊക്കെകൂടി സൃഷ്ടിച്ചെടുത്തു. ചൈനയെ നേരിൽ കണ്ടുപഠിക്കാൻ ചില 'അബ്ദുള്ളക്കുട്ടിമാർ' ചൈനയിലേക്ക് പോയിരുന്നു. മടങ്ങിവന്ന ഈ വികസന ഭ്രാന്തന്മാർ നമ്മോട് പറഞ്ഞത് കേരളം പുതിയ ചൈനയെ കണ്ടുപഠിക്കണമെന്നാണ്. "എന്താ ചൈനയിലെ ഒരു വികസനം. വളവും കുഴിയുമില്ലാത്ത സൂപ്പർ ഹൈവേകൾക്ക് പൂരപ്പറമ്പിന്റെ വീതിയാണ്. കാറുകൾക്കൊക്കെ എന്തൊരു സ്പീഡ്! ഷാങ്ഹായിലെ ഷോപ്പിങ്ങ് മാളുകളുടെ മുന്നിൽ നമ്മുടെ നാട്ടിലെ സൂപ്പർമാർക്കറ്റുകൾ പള്ളിയിൽ ഈച്ച പോയപോലെ," ഇങ്ങനെയൊക്കെ അവർ നീട്ടിപ്പാടി. (ഇടപ്പള്ളിയിൽ യുസഫലി ലുലുമാൾ തുടങ്ങിയപ്പോൾ ഈ നാണക്കേട് ഒരു വിധം മാറിക്കിട്ടി!)

മാലോകരെ അമ്പരപ്പിക്കുന്ന കാഴ്ചകൾ ഒരുക്കുന്ന ശീലസ്വഭാവം ചൈനാക്കാർക്ക് പണ്ടേയുണ്ട്. ക്വിങ്, മിങ് ചക്രവർത്തിമാരുടെ 74 ഹെക്ടറുകളിലായി പരന്നുകിടക്കുന്ന, 800 കെട്ടിടങ്ങളുള്ള ഫോർബിഡൻ സിറ്റിയും എക്കാലത്തേയും ലോകാത്ഭുതമായ വന്മതിലും ഇവയിൽ ചിലതാണ്. മുതലാളിത്ത ആർത്തിയുടെയും ചൂഷണത്തിന്റെയും ദുഷ്ടസന്തതിയായ മലിനീകരണത്തിന്റെ കാര്യത്തിലും ചൈന ഭയങ്കരതകളുടെ പൈതൃകം തുടരുകയാണ്. ചൈനയിലേക്കാണ് പോസ്റ്റിങ്ങ് എന്നു കേട്ടാലുടൻ 'വേണ്ട' എന്ന് ബഹുരാഷ്ട്രകമ്പനികളിലെ ഉദ്യോഗസ്ഥവൃന്ദം പറഞ്ഞു തുടങ്ങിയിരിക്കുന്നു. കേരളം ചൈനയെപോലെ ആകണമെന്ന് സ്വപ്നം കാണുന്നവർക്കും അതിനായി അതിവേഗപാതകൾ തീർക്കുന്നവർക്കും എല്ലാതരം മൂലധന നിക്ഷേപകരെയും വെള്ളയും കരിമ്പടവും വിരിച്ച് സ്വീകരിക്കുന്നവർക്കും ഏറ്റവും പുതിയ ചൈനയിൽനിന്നും ചില പാഠങ്ങൾ പഠിക്കാൻ സന്നദ്ധമാകണം. ■